"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള മാരിടൈം ബോർഡ് - കരാർ അടിസ്ഥാനത്തിൽ നിയമനം - തസ്തിക അനുവദിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.1/2023/F&P തീയതി,തിരുവനന്തപുരം, 11-01-2023

---

പരാമർശം:- 1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡിന്റെ 04/07/2022 ലെ ബി1-4657/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തുറമുഖവകുപ്പ് പുനഃസംഘടിപ്പിച്ച് 2017 ൽ നിയമ നിർമ്മാണത്തിലൂടെ കേരള മാരിടൈം ബോർഡ് ആരംഭിക്കുകയുണ്ടായി. കേരള മാരിടൈം ബോർഡ് ആക്ട് പ്രകാരം നിലവിലുള്ള ജീവനക്കാർ വിരമിക്കുന്നതോടുകൂടി പ്രസ്തുത തസ്തിക വാനിഷിംഗ് കാറ്റഗറിയായി മാറുന്നതാണ്. കേരള മാരിടൈം ബോർഡ് ആക്ട് പ്രകാരം ഓർഗാനോഗ്രാം & സ്പെഷ്യൽ റൂൾ രൂപീകരിച്ചതിനു ശേഷമേ ബോർഡിൽ നിയമനം നടത്താനാകു. കേരള മാരിടൈം ബോർഡ് തുറമുഖ വകുപ്പിൽ നിന്നും വ്യത്യസ്തമായി പ്രൊഫഷണൽ ബോർഡ് ആയി പ്രവർത്തിക്കേണ്ടതുണ്ട്. ആയതിനാവശ്യമായ മാനവ വിഭവശേഷി ബോർഡിന് നിലവിൽ ഇല്ല. വിവിധ തസ്തികകളിലേക്ക് അനിവാര്യമായി വേണ്ടിവരുന്ന സാങ്കേതിക വൈദഗ്ധ്യമുള്ളവരേയും പ്രൊഫഷണലുകളേയും, മറ്റ് അനുബന്ധ സ്റ്റാഫിനേയും നിയമിക്കുന്നതിനും ചെലവ് ബോർഡിന്റെ പൊതുഫണ്ടിൽ നിന്നും വഹിക്കുന്നതിനും 10/06/2022-ൽ കൂടിയ ഇരുപത്തിമൂന്നാമത് ബോർഡ് യോഗം തീരുമാനിക്കുകയും ബോർഡ് ഓർഗാനോഗ്രാം & റഗുലേഷൻ നിലവിൽ വന്ന് നിയമനം നടക്കുന്നതുവരെ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് വിവധ കാറ്റഗറികളിലായി അനിവാര്യമായി വേണ്ടിവരുന്ന 20 തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള അനുമതി അവശ്യപ്പെട്ടുകൊണ്ട് പ്രപ്പോസൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മാരിടൈം ബോർഡിൽ താഴെ പറയുന്ന 7 തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| നമ്പർ | തസ്തിക | അനുവദിച്ച തസ്തികകളുടെ എണ്ണം | കാറ്റഗറി |
|---|---|---|---|
| 1 | ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറി/ടെക്നിക്കൽ അസിസ്റ്റന്റ് | 1 | XI (പരമാവധി പ്രതിമാസ കരാർ വേതനം- 44,020 രൂപ. ജി.ഒ (പി) 29/2021/ഫിൻ തീയതി 11.02.2021 പ്രകാരം) |
| 2 | മാനേജ്മെന്റ് ട്രെയിനി | 1 | X (പരമാവധി പ്രതിമാസ കരാർ വേതനം- 36,000 രൂപ ജി.ഒ (പി) 29/2021/ഫിൻ തീയതി 11.02.2021 പ്രകാരം) |
| 3 | ട്രെയിനിംഗ് കോ-ഓർഡിനേറ്റർ | 1 | XI (പരമാവധി പ്രതിമാസ കരാർ |

| | | | |
|---|---|---|---|
| | | | വേതനം- 44,020 രൂപ. ജി.ഒ (പി) 29/2021/ഫിൻ തീയതി 11.02.2021 പ്രകാരം) |
| 4 | റസിഡന്റ് എഞ്ചിനീയർ കസ്റ്റംസ് ഇ.ഡി.ഐ ഓപ്പറേഷൻ | 2 | III (പരമാവധി പ്രതിമാസ കരാർ വേതനം - 21,175 രൂപ. ജി.ഒ (പി) 29/2021/ഫിൻ തീയതി 11.02.2021 പ്രകാരം) |
| 5 | ഫിനാൻസ് മാനേജ്മെന്റ് ട്രെയിനി | 2 | കാറ്റഗറി നിശ്ചയിച്ചു നല്കുന്നതാണ്. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (വനിത-ശിശുവികസനം )വകുപ്പ് (20-12-2022 തീയതിയിലെ 2234165/WCD-2/2/2022/fin പ്രകാരം)
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ